PAN/20/2022-E2(DP)

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**സ്വരാജ് ഭവൻ, നന്തൻകോട്**
**കവടിയാർ പി.ഒ. തിരുവനന്തപുരം – 695003**
directorofpanchayat@gmail.com
**0471-2323286** **തീയതി : 27/08/2022**

**നോട്ടീസ്**

വിഷയം: പഞ്ചായത്ത് വകുപ്പ് – ജീവനക്കാര്യം – അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് 01.01.2021 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ അന്തിമസീനിയോറിറ്റി ലിസ്റ്റിൽ ശ്രീ. ഗണേഷ് കുമാർ ആർ-നെ ഉൾപ്പെടുത്തൽ – നോട്ടീസ് പ്രസിദ്ധീകരിക്കുന്നത് – സംബന്ധിച്ച്

സൂചന:
1. ഈ ഓഫീസിലെ 31.05.2022 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം
2. വിളപ്പിൽ ഗ്രാമപഞ്ചയാത്ത് സെക്രട്ടറിയുടെ 30.07.2022 തീയതിയിലെ 4002/GADC07/General/2022/5327/(3) നമ്പർ കത്ത്
3. ഈ ഓഫീസിലെ 27.07.2020 തീയതിയിലെ PAN/1000(01)/2020-E2(DP) നമ്പർ നപടിക്രമം
4. ഈ ഓഫീസിലെ 06.08.2020 തീയതിയിലെ PAN/963/2020-E3(DP) നമ്പർ നടപടിക്രമം
5. ഈ ഓഫീസിലെ 25.09.2021 തീയതിയിലെ PAN/5/2021-E2(DP) നമ്പർ നടപടിക്രമം

പഞ്ചായത്ത് വകുപ്പിൽ അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് 01.01.2021 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക സൂചന(1) പ്രകാരം അന്തിമമാക്കി പ്രസിദ്ധീകരിച്ചിരുന്നു. 25.09.2021 തീയതിയിൽ അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥനക്കയറ്റം കിട്ടിയ തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീ. ഗണേഷ് കുമാർ ആർ 2021 ൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടില്ലായെന്ന് സൂചന (2) പ്രകാരം ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്കായിരുന്ന ശ്രീ. ഗണേഷ് കുമാർ ആർ-നെ സൂചന(3) പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി കാസറഗോഡ് ജില്ലയിലെ ബളാൽ ഗ്രാമപഞ്ചായത്തിൽ നിയമിച്ചിരുന്നു. എന്നാൽ KS&SSR ചട്ടം 38 പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം സൂചന(4) പ്രകാരം ടിയാൻ താൽക്കാലികമായി പരിത്യജിച്ചിരുന്നു. പരിത്യജിക്കലിന്റെ കാലാവധി അവസാനിച്ചതിനെ തുടർന്ന് ടിയാന്റെ അപേക്ഷ പരിഗണിച്ച് സൂചന(5) പ്രകാരം ശ്രീ. ഗണേഷ് കുമാർ ആർ-നെ ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി വിളപ്പിൽ ഗ്രാമപഞ്ചായത്തിൽ നിയമിച്ചിരുന്നു. എന്നാൽ 01.01.2021 തീയതി മുതൽ 31.12.2021 തീയതി വരെയുള്ള കാലയളവിൽ അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥനക്കയറ്റം നൽകിയ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീ. ഗണേഷ് കുമാർ ആർ ഉൾപ്പെട്ടിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീ. ഗണേഷ് കുമാർ ആർ-നെ 01.01.2021 തീയതി മുതൽ 31.12.2021 തീയതിവരെയുള്ള കാലയളവിൽ അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥനക്കയറ്റം നൽകിയ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ടിയാന് ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച 25.09.2021 തീയതിയിൽ ക്രമനമ്പർ 146/2021 ശ്രീ. ശിവൻകുട്ടി പി.ജി-യുടെയും, ക്രമനമ്പർ 147/2021 ശ്രീ. അരുൺ ജിതേഷ് ആർ-നും മദ്ധ്യേ 146A/2021 നമ്പറായി ഉൾപ്പെടുത്തുന്നതിന് അർഹതയുള്ളതായി കാണുന്നു.

മേൽപ്പറഞ്ഞ പ്രകാരം ശ്രീ. ഗണേഷ് കുമാർ ആർ-നെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിൽ ആക്ഷേപമുള്ള ജീവനക്കാർ 15 ദിവസത്തിനുള്ളിൽ രേഖാമൂലം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

H. DINESHAN IAS
DIRECTOR OF PANCHAYATH

വ്യക്തിക്ക് (ഓഫീസ് മേലധികാരി മുഖാന്തിരം)

<u>പകർപ്പ്</u>:–

1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടിമാർക്കും(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരം)
3. സിസ്റ്റം മാനേജർ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
4. കരുതൽ/അധികം

Signature Not Verified

Digitally signed by DINESHAN H
Date: 2022.08.27 13:41:46 IST
Reason: Approved